പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2853 — 22.06.2012 ൽ മറുപടിയ്ക്ക്

# ഗ്രാമ വികസന വകുപ്പു നടത്തുന്ന സാമൂഹിക -സാമ്പത്തിക - ജാതി സെൻസസ്സിന്റെ വിശദാംശങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| എ) | ഗ്രാമവികസന വകുപ്പു നടത്തുന്ന സാമൂഹിക സാമ്പത്തിക - ജാതി സെൻസസ് നടത്തുന്നതിന് വിവിധ ജില്ലകളിൽ ഏതെല്ലാം സ്വകാര്യ സ്ഥാപനങ്ങളെയാണ് സേവനദാതാക്കളായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്നു പറയാമോ ; | എ) | സംസ്ഥാനത്ത് സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നടത്തുന്നതിന് കേന്ദ്രസർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത് ഗ്രാമ വികസന വകുപ്പ്, സെൻസസ് ഡയറക്ടർ, ഐ റ്റി ഐ പാലക്കാട് എന്നിവരെയാണ്. സാങ്കേതിക സഹായം നൽകുന്നതിനും, ഡാറ്റാ എൻട്രി നടത്തുന്നതിനുമായി ഐ റ്റി ഐ പാലക്കാട്, സത്യനാരായണ രാജു ആന്റ് കമ്പനി ഹൈദരാബാദ് എന്നിവയെ വയനാട്, പാലക്കാട്, മലപ്പുറം തൃശ്ശൂർ ജില്ലകളിലും, മദ്രാസ് സെക്യൂരിറ്റി പ്രിന്റേഴ്സ് ചെന്നൈയെ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലും, റൂറൽ ഷോർസ് ബാംഗളൂരിനെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലും സേവനദാതാക്കളായി ചുമതലപ്പെടുത്തിയിരുന്നത്. |
| ബി) | സേവനദാതാക്കളായുള്ള സ്വകാര്യ സ്ഥാപനങ്ങൾ ഗവൺമെന്റുമായുണ്ടാക്കിയ കരാർ ഉടമ്പടി പ്രകാരമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിൽ വീഴ്ചവരുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | സേവനദാതാക്കളും കേരള സർക്കാരുമായി ഇക്കാര്യത്തിൽ യാതൊരു കരാറും ഉണ്ടാക്കിയിരുന്നില്ല. കേരളത്തിൽ സർവ്വേയുടെ സാങ്കേതിക ചുമതലയുള്ള ഇൻഡ്യൻ ടെലഫോൺ ഇൻഡസ്ട്രീസ് പാലക്കാട് എന്ന സ്ഥാപനമാണ് ഈ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിരുന്നത്. ഇവരിൽ മദ്രാസ് സെക്യൂരിറ്റി പ്രിന്റേഴ്സ് ചെന്നൈ, റൂറൽ ഷോർസ് ബാംഗളൂർ എന്നിവരുടെ ഭാഗത്തുനിന്നും ഉണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിരുന്നു. |

| | | | |
|---|---|---|---|
| സി) | സ്വകാര്യ സ്ഥാപനങ്ങൾ കരാർ ലംഘനം നടത്തിയതിനെ തുടർന്ന് കരാർ ഉടമ്പടിയി ലേർപ്പെട്ടിരിക്കുന്ന പൊതു മേഖലാ സ്ഥാപനമായ പാലക്കാട് ഐ.റ്റി.ഐ, കരാർ ലംഘനം നട ത്തിയ സ്വകാര്യ സ്ഥാപന ങ്ങൾക്കെതിരെ എന്തു നടപടി യാണു സ്വീകരിച്ചതെന്നു അറി യിക്കുമോ; | സി) | ഇൻഡ്യൻ ടെലഫോൺ ഇൻഡസ്ട്രീസ് പാലക്കാട്, സേവനദാതാക്കൾക്കുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനായി കൂടുതൽ ആളുകളെ നിയമിച്ച് നടപടികൾ ത്വരിതപ്പെടുത്തി ലക്ഷ്യം പൂർത്തിയാകും വരെ കരാർ തുക നൽകുകയില്ല എന്ന് അവലോകനയോഗത്തിൽ അറിയിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത സ്വകാര്യ ഏജൻസി യുടെ കെടുകാര്യസ്ഥതയെ തുടർന്ന് സെൻസസ് സമയ പരിധി ദീർഘിപ്പിക്കേണ്ടി വന്നിട്ടു ണ്ടോയെന്നു വ്യക്തമാക്കുമോ ; | ഡി) | സെൻസസ് യഥാസമയം പൂർത്തീകരിക്കാൻ കഴിയാതിരുന്നതിനാൽ 2012 ജൂൺ 15 വരെ സെൻസസ് കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടി വന്നിട്ടുണ്ട്. |
| ഇ) | സെൻസസ് സമയ പരിധി ദീർഘിപ്പിക്കേണ്ടി വന്നതിനെ തുടർന്ന് സെൻസസ് പ്രവർത്തന ത്തിന് എന്യൂമറേറ്റർമാരായി നിയോഗിച്ചിട്ടുള്ള സർക്കാർ ജീവ നക്കാർ അധികമായി എത്ര ദിവസം ജോലി ചെയ്യേണ്ടതായി വന്നുവെന്നും അതിനായി എത്ര തുക ചെലവഴിക്കേണ്ടതായി വന്നുവെന്നും പറയാമോ; | ഇ) | സെൻസസ് തുടങ്ങുന്നതിന് പൂർത്തീകരി ക്കേണ്ടിയിരുന്ന പ്രീ എന്യൂമറേഷൻ പ്രവർത്തനങ്ങളായ കാറ്റലോഗിംഗ്, ഇൻഡ ക്സിംഗ്, ടാബ്ലറ്റ് പി.സി. യിലേയ്ക്കുള്ള ഇമേജ് അപ്‌ലോഡിംഗ് പ്രവർത്തനങ്ങൾ വൈകിയതാണ് എന്യൂമറേഷൻ തുടങ്ങാൻ കാലതാമസം ഉണ്ടായത്. ടാബ്ലറ്റ് പി.സി സജ്ജമാകുന്നതുവരെ എന്യൂമറേറ്റർമാർ അതാത് ആഫീസ് ചുമതലകൾ നിർവ്വഹിക്കാൻ അനുവദിച്ചിരുന്നതിനാൽ സർക്കാർ ജീവന ക്കാർ സർവ്വേയ്ക്കായി അധിക ദിവസം നീക്കി വയ്ക്കേണ്ടി വന്നിട്ടില്ല. എന്നാൽ ടാബ്ലറ്റ് പി.സി കൾ എന്യൂമറേഷനിടയ്ക്ക് കേടായതിനാൽ അപൂർവ്വം അവസരങ്ങളിൽ കൂടുതൽ സമയം എന്യൂമറേഷന് വേണ്ടി ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. എന്യൂമറേറ്റർ മാരായി നിയമിതരായ അദ്ധ്യാപകരിൽ നല്ലൊരു ശതമാനം പേപ്പർ വാലുവേഷൻ ജോലികൾക്ക് ശേഷമാണ് എന്യൂമറേഷൻ ആരംഭിച്ചിട്ടുള്ളത്. അധിക സമയം ചെലവഴിച്ചതിന് അധികച്ചെലവ് ഉണ്ടായിട്ടില്ല. |
| എഫ്) | മേൽപ്പറഞ്ഞ തുക സേവനദാതാ ക്കളായ സ്വകാര്യ ഏജൻസിയിൽ നിന്നും ഈടാക്കുവാൻ എന്തു നടപടിയാണു സ്വീകരിച്ചതെന്നു · വ്യക്തമാക്കുമോ? | എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ